പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4429 — 19.10.2011 – ൽ മറുപടിയ്ക്ക്

കെ.എൽ.ഡി.സി.യ്ക്ക് പ്രത്യേക ഫണ്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷന് (കെ.എൽ.ഡി.സി) വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേകമായി ഫണ്ട് അനുവദിച്ചു നൽകാറുണ്ടോ; ഏത് ഹെഡ് ഓഫ് അക്കൗണ്ട് മുഖേനയാണ് ഫണ്ട് നൽകിവരുന്നത്; ആയത് കെ.എൽ.ഡി.സി-യ്ക്ക് മാത്രമുള്ള ഹെഡ് ആണോ; | (എ) | കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നത് "4402-മണ്ണുജല സംരക്ഷണം" എന്ന മൂലധന ശീർഷകത്തിലാണ്. കെ.എൽ.ഡി.സി-യ്ക്ക് മാത്രമായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചു നൽകിയിട്ടില്ല. |
| (ബി) മറ്റ് ഡിപ്പാർട്ട്മെന്റുകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്നും കെ.എൽ.ഡി.സി.-യ്ക്ക് പണം നൽകാൻ നിർദേശിക്കുമ്പോൾ കെ.എൽ.ഡി.സി യുടെ പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താറുണ്ടോ; | (ബി) | കെ.എൽ.ഡി.സി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കാറുണ്ട്. |
| (സി) കെ.എൽ.ഡി.സി സമർപ്പിച്ച എത്ര പ്രോജക്ടുകൾക്ക് ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപയുടെ പ്രോജക്ടുകളാണ് കെ.എൽ.ഡി.സി സമർപ്പിച്ചിരിക്കുന്നത് എന്നു വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം RIDF XVII-ൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി 136.15 കോടിയുടെ 55 പദ്ധതികളുടെ ലിസ്റ്റ് സർക്കാരിൽ സമർപ്പിച്ചുവെങ്കിലും കെ.എൽ.ഡി.സി -ക്ക് സെക്ടറൽ അലോക്കേഷൻ അനുവദിച്ചിട്ടില്ലാത്തതിനാലും ഇപ്പോൾ കെ.എൽ.ഡി.സി ഏറ്റെടുത്തു നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി തൃപ്തികരമല്ലാത്തതിനാലും ഈ പദ്ധതികൾ നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലായെന്നാണ് 26-8-2011 ലെ എസ്.എൽ.ഇ.സി യോഗതീരുമാനം. |

സെക്ഷൻ ഓഫീസർ